"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- തിരുവനന്തപുരം നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അരുൺകുമാർ.എ. ആർ - ന്റെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1907/2025/LSGD തീയതി,തിരുവനന്തപുരം, 02-08-2025

---

പരാമർശം:-

1. 06.10.2015 ലെ സർക്കുലർ നം. 4412/G2/15/H&FWD
2. തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 05.07.2025 തീയതിയിലെ LSGD/PD/46192/2023-DEG1 നമ്പർ കത്ത്.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 01.12.2022 തീയതിയിലെ (എൽ.ഡിസ്) എം.ആർ.1/90812/2021/ആ.വ.ഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അരുൺകുമാർ.എ.ആർ - ന്റെ മാതാവിന്റെ ചികിത്സയ്ക്ക് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഹോസ്പിറ്റലിൽ 15.10.2021 മുതൽ 18.10.2021 വരെ ചിലവായ 2,53,312/-രൂപ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ അനുവദിക്കുന്നതിന് ടിയാൾ സമർപ്പിച്ച അപേക്ഷയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമായ സാക്ഷ്യപ്പെടുത്തിയിട്ടുള്ള തുകയായ 2,47,335/- രൂപ ( രണ്ട് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി മുന്നൂറ്റി മുപ്പത്തി അഞ്ച് രൂപ മാത്രം) മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ അനുവദിക്കുന്നതിൽ ഉത്തരവിനായി അപേക്ഷയും അനുബന്ധരേഖകളും പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം തിരുവനന്തപുരം നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അരുൺകുമാർ.എ.ആർ - ന്റെ മാതാവിന്റെ ഹൃദയസംബന്ധമായ ചികിത്സയ്ക്ക് തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഹോസ്പിറ്റലിൽ ചിലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയ തുകയായ 2,47,335/- രൂപ( രണ്ട് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി മുന്നൂറ്റി മുപ്പത്തി അഞ്ച് രൂപ മാത്രം) ടിയാൾക്ക് റീ ഇമ്പേഴ്സ്മെന്റായി നഗരസഭയുടെ തനതുഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്ത് നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ. അരുൺകുമാർ.എ.ആർ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 02-08-2025 15:51:40
സെക്ഷൻ ഓഫീസർ